# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/27/2017 <u>പത്രക്കുറിപ്പ്</u> 2017 ഫെബ്രുവരി 6

**ബി.എ. ആന്വൽ സ്കീം - പരിക്ഷാകേന്ദ്രം**

ഫെബ്രുവരി 10ന് ആരംഭിക്കുന്ന ബി.എ മോഡൽ 1 (ആന്വൽ സ്കീം) പാർട്ട് ഒന്ന്, രണ്ട് & സബ്സിഡിയറി (സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രിപരീക്ഷകളുടെ കേന്ദ്രങ്ങളിൽ താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നു.

കോട്ടയം സി.എംഎസ് കോളേജ്, കോട്ടയം ബി.സി.എം കോളേജ്, പാലാ അൽഫോൻസാ കോളേജ്, കുറവിലങ്ങാട് ദേവമാതാ കോളേജ്, അരുവിത്തറ സെന്റ് ജോർജ്ജ് കോളേജ്, പാലാ സെന്റ് തോമസ് കോളേജ് നാട്ടകം ഗവ : കോളേജ്, കോട്ടയം ബസേലിയസ് കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ കോട്ടയം ബസേലിയസ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

മൂവാറ്റുപുഴ നിർമല കോളേജ്, തൊടുപുഴ ന്യൂമാൻ കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

എറണാകുളം സെന്റ തേരസാസ് കോളേജ്, എറണാകുളം സെന്റ് ആൽബർട്സ് കോളേജ്, തൃക്കാക്കര ഭാരത്മാതാകോളേജ്, കൊച്ചിൻ കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ കൊച്ചിൻ കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജ്, തലയോലപറമ്പ് ഡി.ബി. കോളേജ്, കോതവറ സെന്റ് സേവ്യർസ് കോളേജ്, തൃപ്പൂണിത്തുറ ഗവ : ആർട്സ് കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ തൃപ്പൂണിത്തുറ ഗവ : ആർട്സ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

ആലുവ സേവ്യർസ് കോളേജ്, മാല്ല്യങ്കര എസ്.എൻ.എം കോളേജ്, ആലുവ യു.സി. കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ ആലുവ യു.സി. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

പെരുമ്പാവൂർ എസ്.എസ്.വി കോളേജ്, കാലടി എസ്.എസ്. കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ കാലടി എസ്.എസ്. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

തിരുവല്ല മാർ തോമ കോളേജ്, കാഞ്ഞിരപ്പള്ളി എസ്.ഡി. കോളേജ്, പത്തനംതിട്ട കത്തോലിക്കേറ്റ് കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

എറണാകുളം മഹാരാജാസ് കോളേജ്, കളമശ്ശേരി സെന്റ് പോൾസ് കോളേജ് എന്നീ കോളേജുകൾ പരിക്ഷാ കേന്ദ്രമായി തിരഞ്ഞെടുത്തവർ പിറമടം ബി.പി.എസ് കോളേജിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവടെ തന്നെ പരിക്ഷ എഴുതേണ്ടതാണ്.

മറ്റെല്ലാ വിദ്യാർത്ഥികളും അവരവർ തന്നെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതണം.

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ എം.എസ്സി. ഫൈറ്റോമെഡിക്കൽ സയൻസ് & ടെക്നോളജി (സി.എസ്.എസ്- 2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 21 ന് ആരംഭിക്കും.

അപേക്ഷകൾപിഴയില്ലാതെ ഫെബ്രുവരി 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 13 വരെയും സീകരിക്കും

**പ്രൊജക്റ്റ് ഇവാല്യൂവേഷൻ & വൈവാ വോസി**

പത്തനംതിട്ട യൂനിവേഴ്സിറ്റി കോളേജ് ഓഫ് അപ്ലൈഡ് ലൈഫ് സയൻസസിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ (ഫിഷറി ബയോളജി & അക്വാകൾച്ചർ - 2014 ബാച്ച്) ഡിഗ്രി പരീക്ഷകളുടെ പ്രൊജക്റ്റ് ഇവാല്യുവേഷനും വൈവാവോസിക്കും പിഴയില്ലാതെ ഫെബ്രുവരി 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 13 വരെയും അപേക്ഷിക്കാം

**ഉത്തരക്കടലാസ് സൂക്ഷ്മ പരിശോധന**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഫെബ്രുവരി 9, 10 തീയതികളിൽ 11 മണിക്കും 3 മണിക്കും ഇടയിൽ ഹാൾ ടിക്കറ്റും ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുമായി പുതിയ പരീക്ഷാ ഭവനിലെ ഇ.ജെ-6 സെക്ഷനിൽ എത്തേണ്ടതാണ് .

**പരീക്ഷാഫലം**

2016 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഫെബ്രുവരി 16 വരെ സ്വീകരിക്കും

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി മാത്തമാറ്റിക്സ് (സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിലെ റോബിന ആൻസ് ജോസഫ്, റാന്നി സെന്റ് തോമസ് കോളേജിലെ സുബി മാത്യൂ എന്നിവർ ഒന്നാം പൊസിഷനും ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ വന്ദിത.കെ.കെ, എറണാകുളം മഹാരാജാസ് കോളേജിലെ സ്വാതി. ബി. ശശിന്ദ്രൻ എന്നിവർ യഥാക്രമം രണ്ടും മൂന്നും പൊസിഷനും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 17 വരെ സ്വീകരിക്കും.

**എസ്.എം.ഇ – വൈസ്ചാൻസിലർ അന്വേഷണത്തിന് ഉത്തരവിട്ടു :**

ദാരുണമായി മരണമടഞ്ഞ സ്ക്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ വിദ്യാർത്ഥിനി ലക്ഷ്മിയുടെ വീട്ടിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ എത്തുകയും ലക്ഷ്മിയുടെ മാതാപിതാക്കൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംഭവത്തെ സംബന്ധിച്ച് എസ്.എം.ഇ ഡയറക്റ്ററോട് അടിയന്തിര റിപ്പോർട്ട് ആവശയപ്പെടുകയുമുണ്ടായി. അപകട സംബന്ധമായി സർവ്വകലാശാലയുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സിൻഡിക്കേറ്റംഗം ഡോ : പത്മകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചു. സർവ്വകലാശാലയുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ എല്ലാ വിധ സഹായവുമുണ്ടാകുമെന്നും വൈസ്ചാൻസിലർ ഉറപ്പുനൽകി.

**ബി.എ. ക്രിമിനോളജി എൽ.എൽ.ബി : പ്രശ്നപരഹാരമായി.**

എറണാകുളം ഗവ : ലോ കോളേജിലെ ബി.എ. ക്രിമിനോളജി എൽ.എൽ.ബി കോഴ്സിന് ബാർകൗൺസിലിന്റെ അംഗീകാരത്തിനുള്ള നടപടിയായി. ബാർകൗൺസിൽ ആവശ്യപ്പെട്ട പ്രകാരം 2 ലക്ഷം രൂപ പിഴയടച്ച് വിദ്യാർത്ഥികൾക്ക് എൻറോൾ ചെയ്യാനുള്ള സൗകര്യം ഒരുക്കുവാൻ സർവ്വകലാശാല തീരുമാനിക്കുകയും ഫെബ്രുവരി നാലിനു കൂടിയ ലീഗൽ സ്റ്റഡീസ് കമ്മിറ്റിയിൽ അംഗികാരമാവുകയും ചെയ്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**